# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ.ശ്രീമതി.അനുപമ ടി.വി. ഐ.എ.എസ്. വനിതാ ശിശുവികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ്- ശിശുദിനാഘോഷം 2020 അറിവകം,അൺലോക്ക് യുവർ ക്രീയേററിവിററി ജില്ലാതല വിജയികൾക്കുള്ള തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം: Go(Rt)No.606/2020/SJD നമ്പർ സർക്കാർ ഉത്തരവ്

## *ഉത്തരവ് നമ്പർ* ICPS 3/2769/2020 *തീയതി :* 16/11/2020

വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള 14 ജില്ലകളിലേയും ജില്ലാ ശിശു സംരക്ഷണ യൂണിററിന്റെ നേതൃത്വത്തിൽ 2020 ശിശുദിനാഘോഷ പരിപാടികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിയ്ക്കുന്നതിന് നിർദേശിച്ചിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ ശിശു ദിനത്തോടനുബന്ധിച്ച് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്കായി പ്രശ്നോത്തരി മത്സരം സംഘടിപ്പിച്ചതിൽ ജില്ലാതല വിജയികൾക്ക് സമ്മാനം നൽകുന്നതിനായി 84000/- രൂപയും കുട്ടികളുടെ ക്രിയാത്മക കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി അൺലോക്ക് യുവർ ക്രിയേററിവിററി എന്ന ഹ്രസ്വചിത്ര നിർമ്മാണം പരിപായിയിൽ ജില്ലാ തലവിജയികളായ കുട്ടികൾക്ക് സമ്മാനം നൽകുന്നതിനായി 84000/- രൂപയും അനുവദിയ്ക്കുന്നതിന് പരമാർശ പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിരിക്കുന്നു.

ടി സാഹചര്യത്തിൽ അറിവകം, അൺലോക്ക് യുവർ ക്രിയേററിവിററി എന്നീ പരിപാടികളിൽ ജില്ലാതലവിജയികൾക്ക് സമ്മാനം നൽകുന്നതിനായി ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ പേരിൽ ചുവടെ ചേർക്കും പ്രകാരം തുക അനുവദിക്കേണ്ടതുണ്ട്.

| ക്രമനമ്പർ | ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | തിരുവനന്തപുരം | 12000/- |
| 2 | കൊല്ലം | 12000/- |
| 3 | പത്തനംതിട്ട | 12000/- |
| 4 | ആലപ്പുഴ | 12000/- |
| 5 | കോട്ടയം | 12000/- |
| 6 | ഇടുക്കി | 12000/- |
| 7 | എറണാകുളം | 12000/- |
| 8 | തൃശ്ശൂർ | 12000/- |
| 9 | പാലക്കാട് | 12000/- |
| 10 | കോഴിക്കോട് | 12000/- |
| 11 | മലപ്പുറം | 12000/- |
| 12 | വയനാട് | 12000/- |
| 13 | കണ്ണൂർ | 12000/- |
| 14 | കാസർഗോഡ് | 12000/- |
| ആകെ | | 168000/- |

മേൽ പട്ടിക പ്രകാരം ആകെ 1,68,000/- രൂപ (ഒരു ലക്ഷത്തി അറുപത്തി എണ്ണായിരം രൂപ മാത്രം) വനിത ശിശു വികസന വകുപ്പിന്റെ ശീർഷകമായ 2235-02-103-59- ൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക അതത് ജില്ലാ വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെന്റായി നൽകേണ്ടതും ജില്ലാ ശിശു വികസന ഓഫീസർ പ്രസ്തുത തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

പരിപാടി നടത്തിയതിനു ശേഷം ഒർജിനൽ ബില്ലുകൾ സഹിതം തുക ക്രമീകരിയ്ക്കേണ്ടതും ആയതിന്റെ കൈപ്പററ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേററ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കററ് വിശദമായ ഫോട്ടോ സഹിതമുളള റിപ്പോർട്ട് ഡി.സി.പി.ഒ. മാർ ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്.

*(ഒപ്പ്)*

*വനിത ശിശു വികസന ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി,* SCPS

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക്.
2. സൂപ്രണ്ട് എ.സെക്ഷൻ, വനിത ശിശു വികസന ഡയറക്ടറേററ്.
3. പ്ലാനിംഗ് സെക്ഷൻ വനിത ശിശു വികസന ഡയറക്ടറേററ്
4. ICPS 4
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്